

TUESDAY 22/04/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

**Chief Editor:** Haripriya Devi VV (I/C) **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/04/2025

1. മുവാറ്റുപുഴ കാർഷികോത്സവ് മെയ് രണ്ടുമുതൽ 12 വരെ ഇ ഇ സി മാർക്കറ്റിൽ നടത്തുമെന്ന് ബ്ലോക്ക് പഞ്ചായത്ത് പ്രസി ഡന്റ് കെ ജി രാധാകൃഷ്ണൻ അറിയിച്ചു. ഏപ്രിൽ 21 മുതൽ 30 വരെ ഇ ഇ സി മാർക്കറ്റ് ഗ്രൗണ്ടിൽ നടത്താൻ നിശ്ചയിച്ചിരുന്ന മേളയാണ് മൂവാറ്റുപുഴ പട്ടണത്തിൽ റോഡ് നിർമാണം നടക്കുന്നതിനാൽ ഗതാഗതനിയന്ത്രണംമൂലം മാറ്റിവച്ചത്. കാർഷികോത്സവിൻ്റെ മുൻകൂർ ടിക്കറ്റുകൾ 30 വരെ വിതരണം ചെയ്യും.

2. കാർഷിക സ്റ്റാർട്ടപ്പുകൾക്കായി പുതിയ ആശയങ്ങളുണ്ടെങ്കിൽ മണ്ണുത്തി കാർഷിക സർവകലാശാലയിലെ അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മാർഗനിർദേശവും പരിശീലനവും നൽകും. ഇതോടൊപ്പം 25 ലക്ഷം രൂപ വരെ ധനസഹായവും ലഭിക്കും. പുതുമയുള്ള ആശയമുള്ളവർക്കു സുവർണാവസരമാണ് ഈ പദ്ധതിയിലൂടെ തുറന്നു കിട്ടുന്നത്. കൂടുതൽ വിവരങ്ങൾക്ക്: ഡോ. കെ.പി. സുധീർ, അഗ്രി ബിസിനസ് ഇൻക്യുബേറ്റർ മേധാവി rabi@kau.in കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 9778436265.

3. സംസ്ഥാന നാളികേര വികസന പദ്ധതികളുടെ ഭാഗമായി പത്താമുദയമായ ഏപ്രിൽ 23 ന് നെടിയ ഇനം (ഡബ്ല്യൂസിറ്റി) തെങ്ങിൻ തൈകൾ അല്ലെങ്കിൽ സങ്കരയിനം തെങ്ങിൻ തൈകൾ കൃഷിഭവനുകളിൽ നിന്നും വിതരണം ചെയ്യും. ഒഴിഞ്ഞുകിടക്കുന്ന പുരയിടങ്ങളിലും ഇടവിള വിസ്തീർണ്ണം അധികമുള്ള തെങ്ങിൻ പുരയിടങ്ങളിലും അടിത്തെയായി നടുന്നതിന് കർഷകർക്ക് ഈ അവസരം ഉപയോഗിക്കാവുന്നതാണെന്ന് പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചു. സബ്സിഡി നിരക്കിൽ ഡബ്ല്യൂസിറ്റി തൈ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഒന്നിന് 50 രൂപയ്ക്കും സങ്കരയിനം തൈ ഒന്നിന് 125 രൂപയ്ക്കുമാണ് വിതരണം ചെയ്യുന്നത്. ആവശ്യമുള്ള കർഷകർ കൃഷിഭവനിൽ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യണം.

4. പന്നിവേലിച്ചിറ ഫിഷറീസ് കോംപ്ലക്സിൽ ഏപ്രിൽ 23 ന് രാവിലെ 11 മുതൽ വൈകിട്ട് മൂന്നു വരെ കാർപ്പ്, ഗിഫ്റ്റ്, തിലാപ്പിയ ഇനം മത്സ്യകുഞ്ഞുങ്ങൾ, അലങ്കാര ഇനം മത്സ്യങ്ങൾ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04682214589.

5. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചാത്തമംഗലം പ്രാദേശിക കോഴിവളർത്തൽ കേന്ദ്രത്തിൽ വിരിയിച്ച അംഗീകൃത എഗ്ഗർ നഴ്സറിയിൽ വളർത്തിയ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നു. 45-60 ദിവസം -പ്രായമായ കോഴികുഞ്ഞിന് 130 രൂപയാണ് വില. ഇന്ന് (22.04.2025) രാവിലെ ഒമ്പതുമുതൽ 12 മണി വരെ ജില്ലാ മൃഗാശുപത്രിയിൽ വിതരണം ചെയ്യും. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 8547352967.

**പരിശീലന പരിപാടി**

6. ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് ഏപ്രിൽ 24, 25 തീയതികളിൽ ചക്കയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്ന വിഷയത്തിൽ 2 ദിവസത്തെ പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. ഇടി ചക്ക, പച്ച ചക്ക, പഴുത്ത ചക്ക, ചക്കക്കുരു എന്നിവയിൽ നിന്നുള്ള വിപണന സാധ്യതയുള്ള ഉത്പന്നങ്ങൾ ആണ് പരിശീലിപ്പിക്കുന്നത്. താല്പര്യമുള്ളവർ മുൻകൂട്ടി വിളിച്ചു രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0479-2449268, 0479-2959268, 9447790268.

7. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) റബ്ബർതോട്ടങ്ങളിലെ ഇടവിളക്കൃഷിയിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. 2025 ഏപ്രിൽ 22-ന് ഉച്ചകഴിഞ്ഞു 01.30 മുതൽ 04.00 വരെയാണ് പരിശീലനം.

പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺനമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്.ഇമെയിൽ: **training@rubberboard.org.in**

8. റബ്ബർബോർഡിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് (എൻ.ഐ.ആർ.റ്റി.) 2025 ഏപ്രിൽ 28 മുതൽ മെയ് 01 വരെയുള്ള തീയതികളിൽ അന്യസംസ്ഥാന തൊഴിലാളികൾക്കായി റബ്ബർടാപ്പിങ് പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം ഹിന്ദി ആയിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 9495928077 എന്ന ഫോൺ നമ്പരിലോ 04812351313 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടാവുന്നതാണ്. ഇമെയിൽ: **training@rubberboard.org.in**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം